**പതിനാലാം കേരള നിയമസഭ**
**<u>ഒന്നാം സമ്മേളനം</u>**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1336 — 13.07.2016 ൽ മറുപടിയ്ക്ക്

## ചവറയിലെ തെരഞ്ഞെടുപ്പ് സംഘർഷം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. നൗഷാദ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ ഭാഗമായി കൊല്ലം ചവറയിൽ സംഘടിപ്പിച്ച ചാനൽ പരിപാടിയിൽ യു.ഡി.എഫ് പ്രവർത്തകർ ആസൂത്രണം ചെയ്ത് സംഘർഷമുണ്ടാക്കുകയും എൽ.ഡി.എഫ് സ്ഥാനാർത്ഥിയെ അക്രമിക്കുകയും ചെയ്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇതിനെതിരെ പോലീസ് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മലയാള മനോരമ ന്യൂസ് ചാനലിന്റെ 28.04.2016 - ന് നടന്ന സംവാദ പരിപാടിയ്ക്കിടെ എൽ.ഡി.എഫ് - യു.ഡി.എഫ് പ്രവർത്തകർ തമ്മിൽ സംഘർഷം ഉണ്ടാകുകയും കല്ലുകളും കസേരകളും വലിച്ചെറിഞ്ഞതിൽ വച്ച് എൽ.ഡി.എഫ് സ്ഥാനാർത്ഥിയും ഇപ്പോഴത്തെ ബഹു. ചവറ എം.എൽ.എയുമായ ശ്രീ. വിജയൻപിള്ളയ്ക്ക് പരിക്കേൽക്കുകയും ആയതിലേക്ക് ശ്രീ. വിജയൻപിള്ള വാദിയായി ചവറ പോലീസ് സ്റ്റേഷൻ ക്രൈം നം. 1138/16 U/s 143, 147, 148, 324, 308, 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. |
| (ബി) ഇതിനു പിന്നിലെ മുഖ്യ പ്രതികൾ ആരെല്ലാമെന്നും ആസൂത്രണത്തിനു പിന്നിൽ ആരെല്ലാമുണ്ടെന്നും വെളിപ്പെടുത്തുമോ? | (ബി) ടി കേസിൽ (1) കോൺഗ്രസ്സ് ചവറ മണ്ഡലം പ്രസിഡന്റ് ബാബു ജി. പട്ടത്താനം (2) റിനോഷോ, കോലം (3) പാലത്തറ നൗഷാദ് (4) ശങ്കരനാരായണപിള്ള, ചെറുശ്ശേരിഭാഗം (5) സന്തോഷ് (6) മില്ലു പന്മന (7) കണ്ടാലറിയാവുന്ന മറ്റ് 94 പേരുമാണ് പ്രതികളായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ